# കാണാക്കയ്യുകൾ

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

അപരിചിത വഴിത്തിരുവിൽ
തെളിഞ്ഞു കാണുന്നതൊരേ സ്വത്വം –
അകത്തനിനിറം ഉയിരോടെ പൂശിയ
യവനികശ്ശീലാമറവിലെ നിഴൽക്കൈ.
നടത്തസ്സവാരിയിൽ അടയാളവാക്യമായ്
കൈക്കൊട്ടിക്കാട്ടി യാത്രാമൊഴി ചൊല്ലി
അകലത്തേക്കകന്ന വിരഹക്കൈ.
ഗ്ലൌസണിഞ്ഞു പത്തി വിടർത്തിയ
അപരിചിത,യനിശ്ചിത വെറുങ്കയ്യുകൾ.

കൂപ്പുന്ന കൈ.
ആശീർവ്വദിച്ചു വധിക്കുന്ന കൈ.
വിരൽക്കണ്ണാൽ കൈമടക്കി
മുദ്ര ചാർത്തുന്ന കൈ.
വളയണിഞ്ഞ് അണിചേർന്ന ഇണക്കൈ.
മഞ്ഞൾ തേച്ചുകുളിച്ച്
മയിലാഞ്ചിയിട്ട മറുകുള്ള മറുകൈ.
മേൽത്തട്ടിൽ തട്ടിമുട്ടി കലഹിച്ച കൈ.
രൌദ്രഭാവം വിരൽചൂണ്ടിയ
തീഷ്ണ ദൃഷ്ടിയുടെ ക്രോധക്കൈ.
ഹസ്തദാനയിടവേളയിൽ
ഉള്ളങ്കയ്യുരയ്ക്കുന്ന മൃദുലക്കൈ.
തെളിനീരൂറ്റി വറ്റിച്ചു ശോഷിച്ച
പെരുവിരൽച്ചോരയിൽ മുക്കിയ
ചൂഷണപ്പുരാണ ഏകലവ്യക്കൈ.
തിരശ്ശീലയ്ക്കു പിറകിൽ മാഞ്ഞ്
ഒളിവെടി വെക്കുന്ന കറുത്ത കൈ.
ഇടഞ്ഞാൽ ഇടന്തടിക്കുന്ന
ഇടങ്കയ്യു മുഷ്ടിയാൽ

ഇടങ്കോലിടുന്ന ഭീഷണക്കൈ.
നഷ്ടമുഖയുടൽ ഫണമാടും
ജീവൽച്ചലനചിത്രം
ഇരുവിരൽ അകത്തിയുയർത്തി
നാഗബന്ധ വിജയഘോഷണത്തിൽ
പ്രതികാരമൂർത്ത വ്യാജക്കൈ.

ഇടതു രഹസ്യത്തിലെ
വലതു പരസ്യം
കൈക്കുടന്നയിൽ ദശപുഷ്പമാക്കി
വിരൽത്തുമ്പാൽ വരചിത്രമെഴുതുന്ന
കരകവിയും കവിതാക്കമ്പനം
ഗാഢനിദ്രായകാങ്കണത്തിൽ
ആശാനിരാശാ പാരവശ്യം
പരാവർത്തനാവർത്തനമാക്കി
ശരീരഭാഷ വരഞ്ഞ അതിജീവനക്കൈ.

കൈപിടിച്ചു നടത്തിയതേത്?
കൈത്തന്നു താങ്ങിയതെന്ത്?
കൈക്കോർത്തു നടന്നതാര്?
കൈത്തലരേഖ ചൊന്നതെന്ന്?
കൈസഹായി കടിച്ചതെങ്ങിനെ?
കൈവിട്ടു പോയതെപ്പോൾ?

കൈകൾ, കൈകൾ, കൈകൾ,
അതെ! അതേ കൈകൾ മാത്രം!
****************************************************************